**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3972** **15-07-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി കോതമംഗലം താലൂക്കിലെ റേഷൻ കട നമ്പർ **1739122 -** നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>പദ്ധതിയുടെ പ്രാഥമിക ഘട്ടം നടപ്പാക്കിയതിന് ശേഷം കൂടുതൽ റേഷൻ കടകളിലേയ്ക്ക് വ്യാപിപ്പിക്കുമ്പോൾ കോതമംഗലം മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് ഈ മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | കോതമംഗലം മണ്ഡലത്തിൽ നിന്നും കൂടുതൽ റേഷൻകടകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ